പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

20/06/2014- ൽ മറുപടിക്ക്

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 290

## കുളമ്പുരോഗം നേരിടുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ജമീല പ്രകാശം:<br>ശ്രീ. മാത്യു.റ്റി.തോമസ്:<br>ശ്രീ. ജോസ് തെറ്റയിൽ:<br>ശ്രീ. സി.കെ. നാണു: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ വർഷം വ്യാപകമായി ഉണ്ടായ കുളമ്പുരോഗം നേരിടുന്നതിന് എന്തെല്ലാം പ്രതിരോധപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) 1) രോഗബാധിത പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവയ്പ്പ്, സൗജന്യ ചികിത്സ, മരുന്നുകൾ, അണു നാശിനികൾ എന്നിവ ലഭ്യമാക്കി<br>2) രോഗം, പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ബോധ വൽക്കരണ ക്ലാസ്സുകൾ നടത്തി.<br>3) വിദഗ്ധ ഡോക്ടർമാരുടെ സംഘം രോഗബാധയെക്കുറിച്ച് വിശദപഠനം നടത്തുകയുണ്ടായി<br>4) രോഗബാധയ്ക്കെതിരെ 2 റൗണ്ട് വാക്സിനേഷൻ നടത്തി.<br>5) രോഗം നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ താൽക്കാലികമായി അടയ്ക്കുകയും പിന്നീട് കർശന പരിശോധന നടത്തി മാത്രം മൃഗങ്ങളെ കടത്തി വിടുകയും ചെയ്തു.<br>6) ഉയർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അടിയന്തര യോഗങ്ങൾ ചേർന്ന് രോഗ നിയന്ത്രണ നടപടികൾ സ്വീകരിച്ചു. |

7) വിവിധ വകുപ്പുകൾ സംയുക്തമായി യോഗം ചേർന്ന് പ്രശ്നങ്ങൾ അവലോകനം ചെയ്തു.

8) മരണപ്പെട്ട ഉരുക്കൾക്ക് നഷ്ട പരിഹാരവും രോഗം ബാധിച്ചവയ്ക്ക് സൗജന്യമായി കാലിത്തീറ്റയും വിതരണം ചെയ്തു.

ബി) കുളമ്പുരോഗംമൂലം പശുക്കൾ ചത്തൊടുങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

ബി) ഉണ്ട്. കേരളത്തിൽ കുളമ്പുരോഗ ബാധ ആരംഭിച്ച 1.8.2013 മുതൽ 31.3.2014 വരെ 2107 പശുക്കൾ, 2993 കന്നുകുട്ടികൾ, 551 കിടാരികൾ, 103 എരുമകൾ, 195 ആടുകൾ, 222 പന്നികൾ, ആകെ 6171 ഉരുക്കൾ മരണപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സി) കുളമ്പുരോഗംമൂലം പശുക്കൾ നഷ്ടപ്പെട്ടിട്ടുള്ള കർഷകർക്ക് മൃഗസംരക്ഷണം , ക്ഷീരവികസനം എന്നീ വകുപ്പുകളും മിൽമയും നൽകുമെന്ന് പറഞ്ഞിരുന്ന നഷ്ടപരിഹാരം എത്ര ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

സി) കുളമ്പുരോഗം മൂലം പശുക്കൾ നഷ്ടപ്പെട്ടിട്ടുള്ള 1452 കർഷകർക്ക് മൃഗസംരക്ഷണവകുപ്പ് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. ഇതിനുവേണ്ടി 2,23,63,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ രോഗം ബാധിച്ച ചത്ത പശു ഒന്നിന് 10000/- രൂപ, കിടാരി ഒന്നിന് 2000/ - രൂപ, കന്നുകുട്ടി ഒന്നിന് 1000/ - രൂപ നിരക്കിൽ 368 ക്ഷീരകർഷകർക്ക് ആകെ 14,35,000/-രൂപ ധനസഹായം നൽകിയിട്ടുണ്ട്.

എറണാകുളം മേഖല യൂണിയൻ കുളമ്പു രോഗം മൂലം കറവ പശുക്കൾ ചത്തു പോയ, ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന, കർഷകർക്ക് ആളൊന്നിന് 10000/ - രൂപ

നിരക്കിൽ 138 ക്ഷീരകർഷകർക്ക് 13.8 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ രോഗബാധ മൂലം ചത്ത പശു ഒന്നിന് 10000/ - രൂപ നിരക്കിൽ 746 കർഷകർക്ക് ആകെ 79,50,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ 80 ക്ഷീരകർഷകർക്കായി 10,000 രൂപ നിരക്കിൽ 8 ലക്ഷം രൂപ ക്ഷീരവികസന വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

DETAILS OF ANIMALS - DEATH OCCURRED DUE TO FMD OUTBREAK
FROM 1/8/2013- 31/03/2014

| Sl. No | DISTS | Mortality | | | | | | |
|---|---|---|---|---|---|---|---|---|
| | | Cow | CALF | Heifer | Buffalo | Goat | PIG | TOTAL |
| 1 | TVM | 61 | 171 | 8 | 2 | 8 | 14 | 264 |
| 2 | KLM | 153 | 282 | 4 | 1 | 24 | 34 | 498 |
| 3 | PTA | 68 | 127 | 20 | 2 | 5 | 2 | 224 |
| 4 | ALP | 141 | 312 | 58 | 8 | 0 | 1 | 520 |
| 5 | KTM | 151 | 261 | 90 | 11 | 11 | 42 | 566 |
| 6 | IDK | 54 | 19 | 3 | 2 | 0 | 40 | 118 |
| 7 | EKM | 225 | 187 | 34 | 5 | 14 | 0 | 465 |
| 8 | TSR | 605 | 857 | 223 | 53 | 69 | 5 | 1812 |
| 9 | PKD | 366 | 432 | 56 | 9 | 47 | 0 | 910 |
| 10 | WYD | 57 | 41 | 3 | 1 | 1 | 1 | 104 |
| 11 | MPM | 150 | 189 | 28 | 9 | 16 | 70 | 462 |
| 12 | KZD | 36 | 40 | 5 | 0 | 0 | 13 | 94 |
| 13 | KNR | 27 | 67 | 11 | 0 | 0 | 0 | 105 |
| 14 | KSD | 13 | 8 | 8 | 0 | 0 | 0 | 29 |
| Grand Total | | 2107 | 2993 | 551 | 103 | 195 | 222 | 6171 |

സെക്ഷൻ ഓഫീസർ